Draft #1 of File 21191/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 09-Jun-2020 03:36 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

CAT 2020 പരീക്ഷയുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രൊ-വൈസ് ചാൻ സലറുടെ അദ്ധ്യക്ഷതയിൽ 03.06.2020, 03.00 പി.എം ന് പ്രൊ-വൈസ് ചാൻസലറുടെ ചേമ്പറിൽ ചേർന്ന CAT 2020 മോണിറ്ററിംഗ് സമതി യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 2431/AC B 7/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 09.06.2020

---

*പരാമർശം:*-(1) CAT 2020 പരീക്ഷയുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രൊ-വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ 03.06.2020, 03.00 പി. എം ന് പ്രൊ-വൈസ് ചാൻസലറുടെ ചേമ്പറിൽ ചേർന്ന CAT 2020 മോണിറ്ററിംഗ് സമതി യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

CAT 2020 പരീക്ഷയുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രൊ-വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ 03.06.2020ൽ പ്രൊ-വൈസ് ചാൻസലറുടെ ചേമ്പറിൽ ചേർന്ന CAT 2020 മോണിറ്ററിംഗ് സമതി യോഗം പരാമർശം (1) പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ ശിപാർശ ചെയ്തു

1. കോവിഡ് 19 വ്യാപനത്തിനിൻറെ പശ്ചാത്തലത്തിലും അപേക്ഷകരുടെ എണ്ണം വളരെ കുറവായതിനാലും കേരളത്തിന് വെളിയിലുള്ള മുംബൈ, ബാംഗ്ലൂർ, ചെന്നൈ എന്നീ പരീക്ഷ കേന്ദ്രങ്ങൾ റദ്ദ് ചെയ്യുവാനും ഈ സെൻറ്ററുകൾ പരീക്ഷയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളവർക്ക് മറ്റ സെൻറ്ററുകളിലേതെങ്കിലും ഒന്ന് തിരഞ്ഞെടുക്കുവാൻ അവസരം നൽകാവുന്നതാണെന്നും അപ്രകാരം മാറ്റം ആഗ്രഹിക്കുന്നില്ലാത്തവർക്ക് രജിസ്ട്രേഷൻ ഫീസ് തിരികെ നൽകാമെന്നും ശിപാർശ ചെയ്തു.

2. CAT 2020 അപേക്ഷസമർപ്പണ വേളയിൽ പരീക്ഷാർത്ഥികൾ തിരഞ്ഞെടുത്തിട്ടുള്ള പരീക്ഷ കേന്ദ്രങ്ങളിൽ കോവിഡ് 19 വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ നിലവിൽ വന്നിട്ടുള്ള നിയന്ത്രണങ്ങൾ മൂലം ആദ്യം തിരഞ്ഞെടുത്ത കേന്ദ്രത്തിൽ പരീക്ഷ എഴുതുവാൻ ചില പരീക്ഷാർത്ഥികൾക്ക് ബുദ്ധിമുട്ടുള്ളതിനാൽ ഇത് പരിഹരിക്കുന്നതിനായി അപേക്ഷകർക്ക് പരീക്ഷ കേന്ദ്രത്തിൽ മാത്രം മാറ്റം വരുത്തി അപേക്ഷ പുതുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ഇതിനായി CAT പോർട്ടലിൽ വേണ്ട മാറ്റം വരുത്തുന്നതിനും അപേക്ഷകർക്ക് ഇക്കാര്യം എസ്.എം.എസ് സംവിധാനത്തിലൂടെ അറിയിപ്പ് നൽകുന്നതിനും CITAD സെക്ഷനെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. CAT 2020 ജൂലൈ 1 നും 15 നും ഇടയിൽ അനുയോജ്യമായ തീയതിയിൽ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) വിവിധ പഠന വകുപ്പ്/ ഇൻറ്റർ യൂണിവേഴ്സിറ്റി സെൻറ്റർ മേധാവിമാർക്ക്
(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(3 ) രജിസ്ട്രാറുടെ പി.എ
(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
(5 ) എ.ആർ 4 (അക്കാദമിക് )
(6) CITAD സെക്ഷൻ, കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 21191/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 09-Jun-2020 03:36 PM - Page 2